**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2219** **14-10-2024 - ൽ മറുപടിയ്ക്ക്**

**റേഷൻ വ്യാപാരികൾക്ക് നൽകാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻ വ്യാപാരികൾക്ക് വിവിധ ഇനത്തിൽ നൽകാനുള്ള തുക കുടിശിക ആയിട്ടുള്ളത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. റേഷൻ വ്യാപാരികൾക്ക് 2024 ആഗസ്റ്റ് മാസത്തെ NFSA കമ്മീഷൻ, സെപ്റ്റംബർ മാസത്തെ NFSA, നോൺ NFSA കമ്മീഷൻ എന്നിവ അനുവദിക്കാൻ ബാക്കിയുണ്ട്. ആയത് ഉടനടി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കോവിഡ് കാലത്ത് വിതരണം ചെയ്ത സൗജന്യ ഭക്ഷ്യധാന്യ കിറ്റിനുള്ള കമ്മീഷൻ അനുവദിച്ചിട്ടുണ്ടോ; കോടതിയിൽ കേസ് നൽകിയ റേഷൻ വ്യാപാരികൾക്ക് മാത്രം പ്രസ്തുത കമ്മീഷൻ നൽകിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ; കാരണം വ്യക്തമാക്കുമോ; | (ബി) | 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് ഒരു കിറ്റിന് 7/- രൂപ നിരക്കിൽ ആകെ 5,91,36,112/- രൂപ അനുവദിച്ചിരുന്നു. 2020 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണം ചെയ്ത കിറ്റുകൾക്ക് ഒരു കിറ്റിന് 5/- രൂപ നിരക്കിൽ ആകെ 4,68,92,680/- രൂപ അനുവദിച്ചിരുന്നു. 2021 മെയ് മാസത്തിൽ വിതരണം ചെയ്ത കിറ്റുകൾക്ക് ഒരു കിറ്റിന് 5/- രൂപ നിരക്കിൽ ആകെ 4,26,45,895/- രൂപ അനുവദിച്ചിരുന്നു. അങ്ങനെ ആകെ 14,86,74,687/- രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>കൂടാതെ കോവിഡ് കാലത്ത് സർക്കാർ സൗജന്യ ഭക്ഷ്യ കിറ്റുകൾ റേഷൻ കടകൾ വഴി വിതരണം ചെയ്ത വകയിൽ കമ്മീഷൻ കടിശ്ശിക ലഭിക്കാനുണ്ടെന്ന് കാണിച്ച ബഹു. ഹൈക്കോടതിയിൽ കേസ് നൽകി അനുകൂല വിധി സമ്പാദിച്ച 9800 റേഷൻ വ്യാപാരികൾക്കും കിറ്റ് കമ്മീഷന്റെ ആദ്യ ഗഡു 50% നൽകിയിട്ടുണ്ട്.<br><br>ബഹു. ഹൈക്കോടതി വിധി പ്രസ്താവിച്ച 14 കേസുകളിൽ കക്ഷിയായ റേഷൻ വ്യാപാരികൾക്ക് കൂടി ഇനിയും കിറ്റ് കമ്മീഷൻ നൽകാനായുണ്ട്. |
| (സി) | റേഷൻ വ്യാപാരികളുടെ പെൻഷൻ ആനുകൂല്യങ്ങൾ കുടിശിക തീർത്ത് വിതരണം ചെയ്യുന്നതിനും വേതന പാക്കേജ് പരിഷ്കരിക്കുന്നതിനും ക്ഷേമനിധി | (സി) | റേഷൻ വ്യാപാരികളുടെ പെൻഷൻ ആനുകൂല്യങ്ങൾ തീർത്ത് വിതരണം നടത്തുന്നതിന് ശ്രമിക്കുന്നുണ്ട്. റേഷൻ വ്യാപാരികളുടെ സാമ്പത്തികവും നിയമപരവും ഭരണപരവുമായ പ്രശ്നങ്ങൾ പഠിക്കുന്നതിനായി |

| | | | |
|---|---|---|---|
| | കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | നിയോഗിച്ച മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. 1998-ലെ റേഷൻ വ്യാപാരി ക്ഷേമനിധി ആക്ട്, കെ.ടി.പി.ഡി.എസ് കൺട്രോൾ ഓർഡർ, 2021 എന്നിവ കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ